**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2557** **24-06-2024 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം മണ്ഡലത്തിലെ കുടിൽ വ്യവസായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിൽ നിലവിൽ ഏഴ് പഞ്ചായത്തിലും കൂടി രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര കുടിൽ വ്യവസായങ്ങൾ ഉണ്ട്; ഈ കുടിൽ വ്യവസായങ്ങളെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; | (എ) | തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിൽ കൈപ്പമംഗലം മണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിലും കൂടി ആകെ കുടിൽ വ്യവസായങ്ങളുടെ (ഹൌസ് ഹോൾഡ് യൂണിറ്റുകൾ) എണ്ണം 307 ആണ്. നിലവിൽ വ്യവസായ വകുപ്പിന് കീഴിൽ **മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ്** പദ്ധതിയാണ് കുടിൽ വ്യവസായങ്ങളെ സഹായിക്കുന്നതിനായി പ്രധാനമായി നിലവിലുള്ളത്. കൂടാതെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന **ഒരു കുടുംബം ഒരു സംരംഭം പദ്ധതി, സംരംഭക സഹായ പദ്ധതി** തുടങ്ങിയ ധനസഹായ പദ്ധതികൾ വഴിയും ഇത്തരം വ്യവസായങ്ങൾക്ക് ധനസഹായം മാർഗ്ഗരേഖയ്ക്കനുസൃതമായി നൽകാവുന്ന താണ്. |
| (ബി) | സ്വയം തൊഴിൽ സംരംഭകത്വത്തിനായുള്ള സാമ്പത്തിക സഹായത്തിനായി ഏതെല്ലാം ഏജൻസികൾ നിലവിൽ സഹായിക്കുന്നുണ്ട്; വിശദമാക്കുമോ; | (ബി) | സംരംഭങ്ങൾക്ക് വായ്പ, വായ്പാധിഷ്ഠിത സബ്സിഡി, സബ്സിഡി തുടങ്ങി വിവിധ തരത്തിൽ സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്ന കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ പദ്ധതികളും ധനകാര്യ സ്ഥാപനങ്ങളുടെ പദ്ധതികളും നടപ്പിലാക്കുന്ന താഴെ പറയുന്ന സർക്കാർ സ്ഥാപനങ്ങൾ/ ഏജൻസികൾ സംസ്ഥാനത്ത് സംരംഭകർക്കായി അതത് പദ്ധതി മാർഗ്ഗരേഖകൾക്കനുസൃതമായി സാമ്പത്തിക സഹായം നൽകി വരുന്നു.<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്<br><br>ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് (KVIB)<br><br>കുടുംബശ്രീ |

| | | | |
|---|---|---|---|
| | | | എംപ്ളോയ്മെന്റ് എക്സ്ചേഞ്ച്<br><br>കേരള പിന്നാക്ക വിഭാഗ വികസന കോർപറേഷൻ<br><br>കേരള സംസ്ഥാന ന്യൂന പക്ഷ വികസന കോർപ്പറേഷൻ<br><br>നോർക്ക<br><br>പട്ടിക ജാതി വികസന വകുപ്പ്<br><br>പട്ടിക ജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ<br><br>കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC)<br><br>കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ (KSIDC)<br><br>സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (SIDBI)<br><br>കേരളാ സ്റ്റാർട്ടപ്പ് മിഷൻ<br><br>വാണിജ്യ ബാങ്കുകൾ<br><br>ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി & ഇന്റേണൽ ട്രേഡ് (DPIIT)<br><br>കേരള ബാങ്ക്<br><br>നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപറേഷൻ(എൻ.എസ്. ഐ.സി)<br><br>വനിതാ വികസന കോർപ്പറേഷൻ<br><br>ക്ഷീര വികസന വകുപ്പ്<br><br>സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ |
| (സി) | പുതുതായി പ്രഖ്യാപിച്ച ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതിയിൽ മണ്ഡലത്തിലെ എം.ഇ.എസ്. അസ്മാബി കോളേജിനെ കൂടി ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | (സി) | ക്യാമ്പസ് വ്യവസായ പാർക്കുകളുടെ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും, നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നത് സംബന്ധിച്ചും വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉന്നതവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച ശേഷം മാത്രമേ ക്യാമ്പസ് വ്യവസായ പാർക്ക് തുടങ്ങുന്നതിനുള്ള അപേക്ഷ സ്വീകരി ക്കുവാൻ കഴിയുകയുള്ളൂ. പുതുതായി പ്രഖ്യാപിച്ച ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതിയിൽ കൈപ്പമംഗലം മണ്ഡലത്തിലെ എം.ഇ.എസ്. അസ്മാബി കോളേജ് മാനദണ്ഡ പ്രകാരം അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്ന പക്ഷം ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മറ്റിയാണ് മാർഗ്ഗ രേഖയിൽ പറയുന്ന രീതിയിലുള്ള മാനദണ്ഡങ്ങൾ |

| | | | |
|---|---|---|---|
| | | | പാലിക്കുന്നവയാണോയെന്ന് പരിശോധി ക്കേണ്ടതും പ്രോജക്ടും സ്ഥലവും അനുയോജ്യമാണെന്ന് കണ്ടെത്തി ശുപാർശ ചെയ്യേണ്ടതും. തുടർന്ന് സെക്രട്ടറി തല സംസ്ഥാന സമിതി കൂടിയാലോചിച്ച് ഡവലപ്പർ പെർമിറ്റ് അംഗീകാരം നൽകുന്നതിൽ തീരുമാനം എടുക്കുന്നത്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മേൽ പ്രകാരമുള്ള നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ